**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 77** **24-02-2022 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ ആചാരാനുഷ്ഠാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ വി കെ പ്രശാന്ത് | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഭരണഘടനാദത്തമായ അവകാശങ്ങൾക്ക് വിധേയമായി മാത്രമേ ആചാരങ്ങളും അനുഷ്ഠാനങ്ങളും നിലനിൽക്കാൻ പാടുള്ളൂ എന്നിരിക്കേ പ്രാകൃതമായ ആചാരങ്ങൾ ചില ക്ഷേത്രങ്ങളിലെങ്കിലും നിലനിൽക്കുന്നത് പരിശോധനയ്ക്ക് വിധേയമാക്കുമോ; | (എ) | ഭരണഘടനയ്ക്ക് വിരുദ്ധമായി ഏതെങ്കിലും ആചാരങ്ങൾ നിലവിൽ നടന്നുവരുന്നത് സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ടാൽ അക്കാര്യം അന്വേഷിച്ച് അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (ബി) | തൃപ്പൂണിത്തുറ ശ്രീപൂർണത്രയീശ ക്ഷേത്രത്തിൽ ബ്രാഹ്മണരുടെ കാൽകഴുകിച്ച് ഊട്ടു വഴിപാടു നടത്തുന്നു എന്ന പത്ര വാർത്തയുടെ അടിസ്ഥാനത്തിൽ നടപടിയെടുത്തിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ ; | (ബി) | തൃപ്പൂണിത്തുറ ശ്രീപൂർണ്ണത്രയീശ ക്ഷേത്രത്തിലെ 12 നമസ്കാരം വഴിപാടിനെക്കുറിച്ച് ഒരു വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് തൃപ്പൂണിത്തുറ ദേവസ്വം ഓഫീസർ, അസി. കമ്മീഷണർ എന്നിവരിൽ നിന്ന് കൊച്ചിൻ ദേവസ്വം കമ്മീഷണർ റിപ്പോർട്ട് വാങ്ങുകയും, അഖില കേരള തന്ത്രി സമാജം ഭാരവാഹികളുമായി 14.02.2022 ൽ ചർച്ച നടത്തുകയും ചെയ്തിട്ടുള്ളതാണ്. തന്ത്രി സമാജം ഭാരവാഹികൾ 12 നമസ്കാരം വഴിപാടിനെ സംബന്ധിച്ച് ഇനി പറയും പ്രകാരം അറിയിച്ചിട്ടുള്ളതാണ്. ക്ഷേത്രത്തിൽ പൂജാ സന്ദർഭത്തിൽ നിവേദ്യ സമയത്ത് പൂജാർഹരായ 12 പേരെ ദേവസമന്മാരായി സങ്കൽപിച്ച് പൂജിക്കുന്നു. ഓരോരുത്തരേയും ഇരുത്തി മന്ത്രപൂരിതമായ പുറ്റ് മണ്ണ് സ്വയം കാലിൽ വെയ്ക്കുകയും തുടർന്ന് തന്ത്രി കിണ്ടിയിലെ തീർത്ഥജലം അവരുടെ കാലിൽ ഒഴിച്ച് കൊടുക്കുകയും ചെയ്യുന്നു. മുഖവും കൈകളും സ്വയം കഴുകി ശുദ്ധി വരുത്തി അവരെ ദേവസങ്കൽപത്തിൽ തന്ത്രി തന്നെ പൂജിച്ച് നിവേദ്യത്തിന്റെ ഒരു ഭാഗം വിളമ്പി നൽകുകയും തുടർന്ന് അവർക്ക് ദ്രവ്യ താമ്പൂല വസ്തുങ്ങൾ കൊടുത്ത് തന്ത്രി അവരെ നമസ്കരിക്കുകയും ചെയ്യുന്നു. ഈ ചടങ്ങ് കാൽകഴുകിച്ച് ഊട്ട്, 12 നമസ്കാരം തുടങ്ങി പല പേരുകളിലും അറിയപ്പെടുന്നുണ്ട്. ഇത് ക്ഷേത്രങ്ങളിലെ ദേവ പൂജയുടെ നിവേദ്യ സമയത്തുള്ള ചടങ്ങുകളുടെ ഭാഗമായാണ് നടത്തുന്നത്. |

| | | | |
|---|---|---|---|
| | | | പൂർണ്ണത്രയീശ ക്ഷേത്രത്തിലെ കാൽകഴുകിച്ചൂട്ട് എന്ന വഴിപാട് തന്ത്രി സമാജം ഭാരവാഹികളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ഇനി മുതൽ സമാരാധന എന്ന പേരിൽ അറിയപ്പെടുന്നതിനും ക്ഷേത്ര പൂജയ്ക്ക് അർഹരായ എല്ലാ വ്യക്തികൾക്കും പങ്കെടുക്കാവുന്നതാണെന്നുള്ള കാലോചിത പരിഷ്കാരങ്ങൾ വരുത്തുന്നതിനും തീരുമാനിച്ചിട്ടുള്ളതാണ്. |
| (സി) | സർക്കാർ നിലപാടിനെ തുടർന്ന് തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിൽ പട്ടിക ഗോത്രങ്ങളിലും പട്ടിക ജാതികളിലും പെട്ടവരുൾപ്പെടുന്ന അബ്രാഹ്മണ ശാന്തിമാർ നിയമിതരായെങ്കിലും ശബരിമല ക്ഷേത്രത്തിൽ അബ്രാഹ്മണ ശാന്തിക്കാർക്ക് വിലക്കുള്ളതായി പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ബഹു. സുപ്രീംകോടതി അംഗീകരിച്ച മാർഗ്ഗ രേഖയ്ക്ക് അനുസൃതമായിട്ടാണ് നിലവിൽ ശബരിമല മേൽ ശാന്തി തെരഞ്ഞെടുപ്പ് നടത്തുന്നത്. പ്രസ്തുത മാർഗ്ഗ രേഖയിൽ അപേക്ഷകർ മലയാള ബ്രാഹ്മണ വിഭാഗത്തിൽപ്പെട്ടവരും കേരളത്തിൽ ജനിച്ചവരും ആണെന്ന് തെളിയിക്കുന്ന വില്ലേജ് ആഫീസറുടെ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥ ടി കേസിൽ ആരും ചോദ്യം ചെയ്യുകയോ തർക്കവിഷയമാക്കുകയോ ചെയ്തിട്ടില്ല. എന്നാൽ ഈ വ്യവസ്ഥയെ ചോദ്യം ചെയ്തു കൊണ്ടുള്ള ഏതാനും കേസുകൾ ബഹു. കേരള ഹൈക്കോടതിയിൽ ഇപ്പോൾ പരിഗണനയിലുള്ളതാണ്. |
| (ഡി) | എൻമകജെ പെർള സ്വർഗയിലെ ബദിയാറു ജഡാധാരി ദേവസ്ഥാനത്ത് പട്ടികജാതി, പട്ടിക ഗോത്രങ്ങളിൽപെട്ടവർക്ക് വിലക്കുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | മാദ്ധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി അതനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ